

07-05-2022

SATURDAY

ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

**Chief Editor : Sunilkumar R** **Editor : Dr Asha T T**

Farm Information Bureau, Kowdiar, Thiruvananthapuram – 695003,

Website: fibkerala.gov.in E-mail:piofibtvm@gmail.com Telephone: 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-07/05/2022.

1. കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന **"ഞങ്ങളും കൃഷിയിലേക്ക്** ' പദ്ധതിയുടെ തിരുവനന്തപുരം ജില്ലാതല ഉദ്ഘാടനം ഇന്നു (2022 മെയ് 7) രാവിലെ 8.30 മണിക്ക് വലിയശാല ഗവ. എൽ.പി. സ്കൂളിൽ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി അഡ്വ. ജി. ആർ. അനിലിന്റെ അധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി നിർവഹിക്കും. ഇതിനോടനുബന്ധിച്ച് സ്കൂൾ പച്ചക്കറികൃഷിയുടെ ഉദ്ഘാടനം ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജുവും പച്ചക്കറി വിത്ത് വിതരണോദ്ഘാടനം തിരുവനന്തപുരം കോർപ്പറേഷൻ മേയർ ആര്യ രാജേന്ദ്രനും നിർവഹിക്കും.

2. "ഞങ്ങളും കൃഷിയിലേക്ക് ' പദ്ധതിയുടെ കോഴിക്കോട് ജില്ലാതല ഉദ്ഘാടനം ഇന്നു (2022 മെയ് 7) രാവിലെ 11 മണിക്ക് കോഴിക്കോട് മുഹമദ് റിയാസ് ടാഗോർ സെന്റിനറി ഹാളിൽ കോഴിക്കോട് കോർപ്പറേഷൻ ചെയർ പേഴ്സൺ ഡോ. ബീന ഫിലിപ്പിന്റെ അധ്യക്ഷതയിൽ പേരുന്ന യോഗത്തിൽ പൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി അഡ്വ. പി എ നിർവഹിക്കുന്നു.

3. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന് കീഴിൽ കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷന്റെ നേതൃത്വത്തിൽ കാർഷിക യന്ത്രങ്ങളുടെ കണക്കെടുപ്പ് സർവ്വേ ഈ മാസം **09 മുതൽ 31** (2022 മെയ് 9 മുതൽ 31 വരെ) നടത്തുന്നു. ആയതിനാൽ പാടശേഖര സമിതികൾ, കർഷകർ, സംരംഭകർ, വിവിധ ഏജൻസികൾ എന്നിവർ കൃഷി വകുപ്പിന്റേയും തദ്ദേശസ്വയംഭരണ വകുപ്പിന്റേയും മറ്റിതര ഏജൻസികളുടെയും വിവിധ പദ്ധതികളുടെ സഹായത്തോടെ ലഭിച്ചിട്ടുളള കാർഷിക യന്ത്രങ്ങളുടെ വിവരങ്ങൾ നിശ്ചിത ഫോറത്തിൽ രേഖപ്പെടുത്തി അവരവരുടെ കൃഷി ഭവനിൽ ഈ **മാസം 9-നു** മുമ്പായി നൽകേണ്ടതാണ്. മാതൃക ഫോറം കൃഷിഭവനിൽ ലഭ്യമാണ്. സർവ്വേ കാലയളവിൽ കാർഷിക യന്ത്രവൽക്കരണ മിഷൻ എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥർ യന്ത്രങ്ങൾ നേരിട്ട് വന്ന് പരിശോധിക്കുന്നതാണ്.

4. കാലിത്തീറ്റ ഉത്പാദന വിപണനരംഗത്ത് കാലോചിതമായ മാറ്റത്തിന് നേതൃത്വം നൽകിവരികയാണ് സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള ഫീഡ്സ് ലിമിറ്റഡ്. തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകരയിൽ കേരള ഫിഡ്സ് ലിമിറ്റഡിന്റെ ആദ്യ ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 1998ൽ

പൂർത്തീകരിക്കുകയും 1999 വർഷം മുതൽ വ്യാവസായിക അടിസ്ഥാനത്തിൽ ഉത്പാദനം ആരംഭിക്കുകയും ചെയ്തു. ഏഷ്യയിലെതന്നെ ഏറ്റവും വലിയ ഫാക്ടറിയായി അക്കാലയളവിൽ അറിയപ്പെട്ട കേരള ഫീഡ്സ് ലിമിറ്റഡ് ഒരു യൂണിറ്റിൽ നിന്നും തുടർന്ന് ആറ് യൂണിറ്റുകളിലേയ്ക്ക് കമ്പനിയുടെ പ്രവർത്തനമേഖല വ്യാപിപ്പിക്കുകയുണ്ടായി. കേരള ഫീഡ്സിന്റെ പ്രവർത്തന വിപുലീകരണത്തിന്റെ ഭാഗമായി ചില പുതിയ സംരംഭങ്ങൾക്ക് തുടക്കം കുറിക്കുകയുണ്ടായി. ക്ഷീരകർഷകർക്ക് ലാഭകരമായ പശുപരിപാലനം എങ്ങനെ സാധ്യമാക്കാം എന്നതിനെ ക്കുറിച്ചും ക്ഷീരമേഖലയിലെ ശാസ്ത്രീയ രീതികളും നൂതന അറിവുകൾ പകർന്നു നൽകുന്നതിനുമായി കമ്പനിയുടെ രജിസ്റ്റേർഡ് ഓഫീസ് കോംപൗണ്ടിൽ നിർമ്മാണം പൂർത്തിയാക്കിയ പുതിയ ഫെസിലിറ്റേഷൻ സെന്റർ (FACE) ന്റെ ഉദ്ഘാടനം, ഉത്പന്നങ്ങളായ 2 മാസം വരെ പ്രായമുള്ള കോഴിക്കുഞ്ഞുങ്ങൾക്കുള്ള ചിക്ക് മാഷ്, കറവപ്പശുക്കളുടെ ഊർജ്ജക്കുറവ് പരിഹരിക്കാനും പാലുത്പാദനം കൂട്ടുവാനും സഹായിക്കുന്ന മിൽക്ക് ബൂസ്റ്റർ, 20 KG പുതിയ പായ്ക്കിംഗിൽ കാഫ് സ്റ്റാർട്ടർ എന്നിവയുടെ വിപണനോദ്ഘാടനവും നിർവഹിച്ചു. കമ്പനിയുടെ പരിഷ്കരിച്ച ഔദ്യോഗിക വെബ്സൈറ്റ് ബഹു. ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ.ബിന്ദു സമർപ്പിച്ചു.

5. കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കൊട്ടിയം ഫാമിൽ ഒരു ദിവസം പ്രായമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട പൂവൻകോഴിക്കുഞ്ഞുങ്ങൾ 5 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **9495000923 (കൊട്ടിയം), 9495000915, 9495000918, 0471-2478585 (തിരുവനന്തപുരം)** എന്നീ ഫോൺ നമ്പരുകളിൽ രാവിലെ 10 മണി മുതൽ 5 മണി വരെയുള്ള സമയങ്ങളിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

6. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർമേഖലയിലെ സംരംഭകത്വവികസനത്തിനായി മെയ് 12-ന് ഏകദിന ഓൺലൈൻ പരിശീലനം നൽകുന്നു. **ആർ.എസ്.എസ്. ഗ്രേഡ് ഷീറ്റുകളുടെ നിർമ്മാണം, റബ്ബർപാലിൽനിന്നും ഉണക്കറബ്ബറിൽനിന്നുമുള്ള ഉത്പന്നങ്ങളുടെ നിർമ്മാണം** തുടങ്ങിയ മേഖലകളിലെ നിക്ഷേപസാദ്ധ്യതകൾ

എന്നിവയാണ് പരിശീലനവിഷയങ്ങൾ. കൂടുതൽ വിവരങ്ങൾക്ക് **0481–2353127** എന്ന ഫോൺ നമ്പരിലോ **04812353201** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടുക.

7. കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് ഇന്ന് (മെയ് 7) രാവിലെ 11 മണി മുതൽ **കറവപ്പശുക്കളുടെ തെരഞ്ഞെടുപ്പ് - ശ്രദ്ധിക്കേണ്ട കാര്യങ്ങൾ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് 9495445536 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക. താൽപ്പര്യമുള്ളവർ iff-xwbj-kqe എന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക.

8. അഗ്രി ക്ലിനിക്ക് ആന്റ് അഗ്രി ബിസിനസ്സ് സെന്റർ പദ്ധതിയുടെ ഭാഗമായി പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദത്തിൽ **സംരംഭകത്വവും സ്വയംതൊഴിൽ അവസരങ്ങളും** എന്ന വിഷയത്തിൽ 45 ദിവസത്തെ പരിശീലന പരിപാടി നടത്തുന്നു. സംസ്ഥാന കാർഷിക സർവ്വകലാശാലയിൽ നിന്നോ കേന്ദ്ര കാർഷിക സർവ്വകലാശാലയിൽ നിന്നോ ഭാരത സർക്കാരിന്റെ കൃഷി, കർഷക ക്ഷേമ, സഹകരണ മന്ത്രാലയത്തിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങളിൽ നിന്നോ കൃഷി ശാസ്ത്രത്തിൽ ബിരുദം അല്ലെങ്കിൽ ബിരുദാനന്തര ബിരുദം. പരിസ്ഥിതി ശാസ്ത്രം, ബോട്ടണി, സുവോളജി, കെമിസ്ട്രി എന്നിവയിൽ ഏതെങ്കിലും വിഷയത്തിൽ ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ/യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ എന്നിവയുടെ അംഗീകാരമുള്ള ബിരുദം. കൃഷി ശാസ്ത്രത്തിലോ അനുബന്ധ വിഷയങ്ങളിലോ ഡിപ്ലോമ അല്ലെങ്കിൽ പിജി ഡിപ്ലോമ. പഠന വിഷയത്തിന്റെ 60% ത്തിലധികം കൃഷി ശാസ്ത്രമായിട്ടുള്ളതും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ളതുമായ ബിരുദം. പ്ലസ് ടു തലത്തിൽ 55% ത്തിൽ കുറയാത്ത മാർക്കോടെയുള്ള കൃഷി ശാസ്ത്ര കോഴ്സ് എന്നീ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. കോഴ്സ് സംബന്ധിച്ച വിശദ വിവരങ്ങൾക്ക് http://acabcmis.gov.in എന്ന വെബ്സൈറ്റിലോ പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം ഓഫീസോ സന്ദർശിക്കുക. അപേക്ഷകൾ ഓൺലൈനായി http://acabcmis.gov.in/ApplicantReg.aspx ൽ സമർപ്പിച്ചതിനുശേഷം **അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, മേലെ പട്ടാമ്പി പി.ഒ., പാലക്കാട് ജില്ല, 679 306** എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്.